# ഇംഹാൻസ്, കോഴിക്കോട്

# വീട്ടിൽ ഒരു തെറാപ്പിസ്റ്റ് (ഭാഗം 2)

# A Therapist at Home (Part 2)

IMHANS AUTISM PROJECT

**കോവിഡ് 19 കാലത്ത് ഇംഹാൻസിൽ ഓട്ടിസം സെന്ററിൽ ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്ക് വീട്ടിൽ പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരേഖ**

**തയ്യാറാക്കിയത് :**

**ശ്രീ വിജിത്ത് ആർ**

**ശ്രീമതി ജസീന കെ. വി**

**ശ്രീമതി നീമ പി**

**ശ്രീമതി ഗീതു എസ്.**

**ശ്രീമതി വീണ എസ്. ബി**

**ശ്രീമതി ഷിയോണ സുധീർ**

**ഡോ പി. കൃഷ്ണകുമാർ**

**സഹായം : ശ്രീമതി ഷിജിന പി. ആർ.**

# ആമുഖം

ഓട്ടിസത്തിന്റെ സ്വഭാവ പ്രത്യേകതകൾ കാണിക്കുന്ന കുട്ടികൾക്ക് വേണ്ടി ഉണ്ടാക്കിയ ഒരു പരിശീലന പരിപാടിയാണ് താഴെ കൊടുത്തിരിക്കുന്നത്. അമ്മയ്ക്ക് വീട്ടിൽ പരിശീലനം തുടരാൻ ഈ നിർദ്ദേശങ്ങൾ സഹായിക്കും. ഇംഹാൻസിന്റെ ഓട്ടിസം സെന്ററിൽ ഗ്രൂപ്പ് തെറാപ്പിയിൽ പരിശീലനം നേടുന്ന കുട്ടികളെ ഉദ്ദേശിച്ചാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ മറ്റ് കുട്ടികൾക്കും ഈ നിർദ്ദേശങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. വീട്ടിൽ തുടരുന്ന ഓരോ ആഴ്ചയും കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളാണ് ഉള്ളത്. ഒരാഴ്ചയിൽ നിർദ്ദേശിക്കപ്പെട്ട കഴിവുകൾ കുട്ടികൾ ആർജ്ജിച്ചുകഴിഞ്ഞാൽ അടുത്ത ആഴ്ചയിലേക്കുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പരിശീലനം നൽകുക. ഇവിടെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ മാതൃകകൾ മാത്രമാണ്. നമ്മുടെ സൗകര്യത്തിനും കുട്ടികളുടെ താൽപര്യത്തിനുമനുസരിച്ച് അവയിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്. പരിശീലന പരിപാടിയിൽ ആവർത്തനംകൊണ്ട് കുട്ടികളിൽ മടുപ്പ് ഉണ്ടാക്കുന്നതാവരുത്. അതിന് കുട്ടികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്ന രീതിയിൽ പലതരത്തിലുള്ള പരിശീലന രീതികൾ ആസൂത്രണം ചെയ്യുക. കുട്ടികൾ ചെയ്യാൻ ശ്രമിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും അംഗീകാരം കൊടുക്കുകയും ചെയ്യുക.

IMHANS AUTISM PROJECT

## പൊതു നിർദ്ദേശങ്ങൾ

കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി വീട്ടിനുള്ളിൽ ഒതുങ്ങിക്കഴിയേണ്ടി വരുമ്പോൾ ബുദ്ധി വികാസപ്രശ്നങ്ങൾ ഉള്ള കുട്ടികളുടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ആണ് താഴെ കൊടുക്കുന്നത്. ഉചിതമായ മാറ്റങ്ങളോടെ നമ്മുടെ കുട്ടികളുടെ നന്മക്ക് വേണ്ടി ഇവ ഉപോഗപ്പെടുത്തുക.

- ബുദ്ധിവികാസപ്രശ്നങ്ങളുള്ള കുട്ടികൾക്ക് പൊതുവെ രോഗപ്രതിരോധശേഷി കുറവായതുകൊണ്ട് അസുഖം വരാനുള്ള സാധ്യത കൂടുതലാണ്.. അതുകൊണ്ട് പനി, ജലദോഷം, ചുമ തുടങ്ങിയ പകരുന്ന രോഗങ്ങൾ ഉള്ള ആളുകളുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കുക.
- കൂടെക്കൂടെ സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ കഴുകിക്കുക. ശരീരം വൃത്തിയായി സൂക്ഷിക്കുക. നഖങ്ങൾ വെട്ടിയൊതുക്കുക.
- കുട്ടികൾക്ക് പച്ചക്കറി, പഴങ്ങൾ, ഇലക്കറികൾ എന്നിവ ഉൾക്കൊള്ളുന്ന സമീകൃതാഹാരം നൽകണം. തിളപ്പിച്ചാറ്റിയ വെള്ളം ധാരാളം കുടിക്കണം.
- കുട്ടികൾ കളിയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും വീടിനു പുറത്തു പോകുന്നത് കഴിയുന്നതും ഒഴിവാക്കുക.
- കുട്ടികൾ പുറത്ത് പോകാതെ വീട്ടിനുള്ളിൽ കഴിയുമ്പോൾ പെരുമാറ്റ പ്രശ്നങ്ങൾ വരാനുള്ള സാധ്യത വളരെ കൂടുതലാണ്. മാതാപിതാക്കളുടെ പെരുമാറ്റരീതികൾ കുട്ടികളുടെ പെരുമാറ്റത്തെ വളരെയധികം സ്വാധീനിക്കും. കുട്ടികളിൽ പെരുമാറ്റ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. ചെറിയചെറിയ പെരുമാറ്റ പ്രശ്നങ്ങൾ ശ്രദ്ധകൊടുക്കാതെ അവഗണിക്കുക.. കുട്ടിയെ കഴിവതും പ്രകോപിപ്പിക്കാതിരിക്കുക. കുട്ടി ചെയ്യുന്ന നല്ല കാര്യങ്ങൾ അവ എത്ര ചെറുതുമാകട്ടെ അവയെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.
- കുട്ടികളുടെ കൂടെ ഗുണപരമായ രീതിയിൽ സമയം ചെലവഴിക്കുക (ഉദാ:- കഥ പറയുക, പാട്ടുപാടുക, ചിത്രങ്ങൾ കാണിക്കുക, പ്രോത്സാഹനം നൽകുക). വീട്ടിനുള്ളിൽ തന്നെ കുടുംബാംഗങ്ങൾ എല്ലാം കൂടി കളിക്കാൻ പറ്റുന്ന ആരോഗ്യപരമായി മാനസിക ഉല്ലാസം നൽകുന്ന കളികളിൽ ഏർപ്പെടുക. (ശരീരത്തിന് വ്യായാമം നൽകുന്ന കളികളാണ് നല്ലത്. വിലപിടിച്ച കളിപ്പാട്ടങ്ങൾ വേണമെന്നില്ല. പല പഴയ  നാടൻ കളികളും സ്വികരിക്കാം)
- മൊബൈൽ, ടി.വി - സ്ക്രീൻ ടൈം കഴിയുന്നതും ഒരു മണിക്കൂറായി പരിമിതപ്പെടുത്തുകയും സ്വഭാവപ്രശ്നങ്ങൾ ഉണ്ടാക്കുന്ന പരിപാടികൾ ഒഴിവാക്കുകയും ഗുണനിലവാരമുള്ള പരിപാടികൾ മാത്രം കാണിക്കുകയും ചെയ്യുക.
- ഒക്യൂപേഷണൽ തെറാപ്പി, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യുക്കേഷൻ, സൈക്കോളജി  എന്നീ മേഖലകളിൽ നിന്നും നിർദ്ദേശിച്ച പരിശീലന പരിപാടികൾ മുടക്കം കൂടാതെ

IMHANS AUTISM PROJECT

വീട്ടിൽ നിന്നും തുടരുക. ഇത്തരം പരിശീലനത്തിനായി എല്ലാ ദിവസവും ഒരു നിശ്ചിത സമയം ( ഉദാ : വൈകുന്നേരം ഒരു മണിക്കൂർ) മാറ്റി വെയ്ക്കുക.

- ഒരു മണിക്കൂർ എല്ലാ ദിവസവും വീട്ടിനുള്ളിലിരുത്തി എഴുത്ത്, വായന എന്നിവ ഉൾപ്പെടുത്തി രക്ഷിതാക്കളുടെ നിരീക്ഷണത്തിൽ ചെയ്യിക്കുന്നത് പഠനപ്രശ്നങ്ങളുള്ള കുട്ടികൾക്ക് ഏറെ പ്രയോജനപ്പെടും.
- കുട്ടികൾക്ക് ദിവസവും വീട്ടിൽ വെച്ച് നൽകുന്ന പരിശീലനങ്ങളും കുട്ടികളുടെ പെരുമാറ്റവും ചാർട്ട് തയ്യാറാക്കി അതിൽ പുരോഗതി രേഖപ്പെടുത്തുക. പിന്നീട് കുട്ടികളുടെ പുരോഗതി വിലയിരുത്തുന്നതിനും പരിശീലന പരിപാടികൾ പ്ലാൻ ചെയ്യുന്നതിനും ഇത് തെറാപ്പിസ്റ്റിനെ സഹായിക്കും.
- പരിശീലന പരിപാടികളിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ കുട്ടിയെ സ്ഥിരമായി കാണുന്ന തെറാപ്പിസ്റ്റുമായി ബന്ധപ്പെടുക.

IMHANS AUTISM PROJECT

**പരിശീലനത്തിനു മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

നാല് ആഴ്ച ചെയ്യേണ്ട പരിശീലന പരിപാടികളുടെ ഉദാഹരണമാണ് താഴെ കൊടുക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന മാതൃകയിൽ കുട്ടിയുടെ താൽപര്യത്തിനും കഴിവിനും അനുസരിച്ച് കളികൾ / ആക്ടിവിറ്റികൾ തിരഞ്ഞെടുക്കുക. അമ്മക്കും കുട്ടിക്കും സൗകര്യമുള്ള സമയത്ത് ഒരു മണിക്കൂർ ഇങ്ങനെ പരിശീലനത്തിനായി മാറ്റിവെക്കുക. ഒരേ കാര്യം തന്നെ ആവർത്തിച്ച് ചെയ്യുന്നത് കുട്ടികൾക്ക് മടുപ്പുണ്ടാക്കും. അതുകൊണ്ട് ഇതേ മാതൃകയിൽ വീട്ടിൽതന്നെ ചെയ്യാൻ പറ്റുന്ന പലതരത്തിലുള്ള കളികൾ കണ്ടെത്തുക. ആദ്യത്തെ ആഴ്ച രണ്ടാമത്തെ ആഴ്ച എന്നു പറയുന്നത് സൗകര്യത്തിന് വേണ്ടിയാണ്. കുട്ടി ഒരു കാര്യം ചെയ്യാൻ പഠിച്ചാൽ അടുത്ത ലെവലിലുള്ള പരിശീലനത്തിലേക്ക് പോവുക.

IMHANS AUTISM PROJECT

# ഉള്ളടക്കം


| | ഗ്രൂപ്പ് | | തെറാപ്പി | Page No. |
|---|---|---|---|---|
| 1. | ഗ്രൂപ്പ് 1 | – | സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ | 7 – 10 |
| 2. | ഗ്രൂപ്പ് 2 | – | സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ | 11 - 14 |
| 3. | ഗ്രൂപ്പ് 3 | – | സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ | 15 - 18 |
| 4. | ഗ്രൂപ്പ് 4 | – | സംസാര ഭാഷ പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കുള്ള മാർഗ്ഗരേഖ | 19 - 22 |
| 5. | ഗ്രൂപ്പ് 5 | – | സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ | 23 - 26 |
| 6. | ഗ്രൂപ്പ് 6 | – | സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും | 27 - 30 |
| 7. | ഗ്രൂപ്പ് 7 | – | പഠനപ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കുള്ള മാർഗ്ഗരേഖ | 31 - 35 |


IMHANS AUTISM PROJECT

# ഗ്രൂപ്പ് 1

# സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്കുള്ള മാർഗ്ഗരേഖ

1. കളിപ്പാട്ടങ്ങൾ തരംതിരിച്ചു വയ്ക്കാൻ പറയുക.



2. ഒരേ നിറത്തിലുള്ളവസ്തുക്കൾ ചേർത്ത് വയ്ക്കാൻ ആവശ്യപ്പെടുക



3. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക





4. ചിത്രത്തിൽ (മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ) കാണുന്നവ പറയിപ്പിക്കുക / ചിത്രങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.








5. ഒരു വൃത്തത്തിൽ പച്ച നിറം നൽകുക.





ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



## രണ്ടാമത്തെ ആഴ്ച

1. പച്ചക്കറികൾ തരം തിരിച്ച് വയ്പ്പിക്കാൻ പറയുക.



2. കുട്ടിയെ കൊണ്ട് ഭക്ഷണപദാർത്ഥം, കളിപ്പാട്ടങ്ങൾ തുടങ്ങിയ വസ്തുക്കൾ കുടുംബാംഗങ്ങൾക്ക് പേര് പറഞ്ഞ് കൊടുപ്പിക്കുക.



3. ഒരു പാത്രത്തിൽ കുറച്ച് പച്ചക്കറികളും പഴങ്ങളും വെച്ചതിനുശേഷം അതിനകത്തുള്ള പഴങ്ങളുടെ ചിത്രങ്ങൾ കാണിച്ച് കുട്ടിയോട് പേര് പറഞ്ഞ് എടുത്തുതരുവാൻ പറയുക.




4. നിലത്ത് വൃത്തങ്ങൾ വരച്ചതിന് ശേഷം ഒരു വത്തത്തിൽ നിന്നും അടുത്ത തിലേക്ക് ചാടാൻ ആവശ്യപ്പെടുക.



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

## മൂന്നാമത്തെ ആഴ്ച

1. ബിൽഡിങ് ബ്ലോക്സ് :- ബ്ലോക്കുകൾ ഒന്നിനു മുകളിൽ ഒന്നായി വെയ്പ്പിക്കുക



2. ആക്ഷൻ ചിത്രങ്ങൾ കാണിച്ചു കൊടുത്ത് കുട്ടിയെ കൊണ്ട് രണ്ടോ മുന്നോ വാക്കുകൾ കൂട്ടി പറയിപ്പിക്കുക.




3. ബബിൾസ് ഗെയിം : കുട്ടിയെക്കൊണ്ട് ബബിൾസ് ഊതിപ്പിക്കുക.



4. കുത്തുകൾ യോജിപ്പിക്കുക (സംഖ്യകൾ, അക്ഷരങ്ങൾ / ആകൃതികൾ മുതലായവ )







5. കുട്ടിയെ ക്കൊണ്ട് ബട്ടൺസ് അഴിക്കാൻ പഠിപ്പിക്കുക.



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക



NS AUTISM PROJECT

# നാലാമത്തെ ആഴ്ച

1. സന്ദർഭോചിതമായി കുട്ടിയെക്കൊണ്ട് "റ്റാ... റ്റാ...", " ഹലോ..", "ബൈ.. ബൈ.." പറയിപ്പിക്കാൻ വേണ്ടി പ്രോത്സാഹിപ്പിക്കുക.




2. മുഖാമുഖം കുട്ടിയുമായി ഇരുന്നതിന് ശേഷം പലതരം ശബ്ദങ്ങൾ കേൾപ്പിച്ച് കുട്ടിയെകൊണ്ട് തിരികെ ശബ്ദങ്ങൾ അനുകരിക്കാൻ പ്രോത്സാഹിപ്പിക്കുക.

3. അധികം വെളിച്ചമില്ലാത്തമുറിയിൽ കുട്ടിയെ ഇരുത്തിയതിനുശേഷം നിർദ്ദേശം കൊടുക്കുന്ന ആളുടെ മുഖത്തേക്ക് ടോർച്ച് / എന്തെങ്കിലും വെളിച്ചമോ പ്രകാശിപ്പിച്ചുവെച്ച് മുഖത്തേക്ക് ശ്രദ്ധ കൊണ്ടു വന്നതിനു ശേഷം സംസാരിക്കുക.



4. പാട്ട് ഇട്ടതിനുശേഷം കണ്ണാടി നോക്കി മാതാപിതാക്കൾ കാണിക്കുന്നതു പോലെ ഡാൻസ് അനുകരിച്ച് കാണിക്കാൻ പ്രോത്സാഹിപ്പിക്കുക.



5. കുട്ടിയുമായി ചേർന്ന് പന്ത് കളിക്കുക

IMHANS AUTISM PROJECT

.ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



# ഗ്രൂപ്പ് 2

# സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ

## ആദ്യത്തെ ആഴ്ച

1. വിരലുകൾ ഉപയോഗിച്ച് നിറംകൊടുക്കുക







2. കളിപ്പാട്ടങ്ങൾ തരംതിരിച്ചു വയ്ക്കാൻ പറയുക



3. ന്യൂസ് പേപ്പറുകൾ കഷ്ണങ്ങൾ ആക്കാൻ പറയുക
4. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക
5. ചെറിയ നിർദ്ദേശങ്ങൾ മനസ്സിലാവുന്നുണ്ടോഎന്ന് ശ്രദ്ധിക്കുക(ഉദാഹരണം :ഇവിടെവാ…, അത് താ….)




IMHANS AUTISM PROJECT

6. കുട്ടിയെക്കൊണ്ട് സ്വന്തമായി ബ്രഷ് ചെയ്യാൻ പരിശീലിപ്പിക്കുക.



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.




## രണ്ടാമത്തെ ആഴ്ച

1. വെജിറ്റബിൾ പ്രിന്റിംഗ് :- ഉദാ : വെണ്ടക്ക മുറിച്ചതിനുശേഷം കളറിലിൽ മുക്കി ഒരു വെള്ള പേപ്പറിൽ പതിപ്പിക്കുക.





2. ഒരു പേപ്പറിൽ കുറച്ച് കൈകളുടെ ചിത്രം വരക്കുകയും കുട്ടി ഓരോ തവണ കൈകഴുകുമ്പോൾ ✓□/✕□ മാർക്ക് അടയാളപ്പെടുത്തുകയും ചെയ്യുക. ദിവസാവസാനം ഇത് വിലയിരുത്തുകയും കുട്ടിക്ക് കൈകഴുകുന്നതിന്റെ പ്രാധാന്യം പറഞ്ഞു കൊടുക്കുകയും ചെയ്യുക.






3. ഊഴം കാത്തുനിൽക്കുന്ന (turn taking) പ്രവർത്തനങ്ങൾ /കളികൾ ഉപയോഗിക്കുക. ഉദാ: പാമ്പും കോണിയും / ലുഡോ (ഫോണുകളിലോ, ഐപാഡുകളിലോ ലഭ്യമാകുന്നതിനു പകരം ഫിസിക്കൽ ബോർഡുകൾ ഉപയോഗിക്കുക.



4. വിട്ടുപോയ അക്ഷരങ്ങൾ പൂർത്തീകരിക്കുക. (eg: AP_ _ E)




5. ഏതെങ്കിലുമൊരു അക്ഷരത്തിൽ തുടങ്ങുന്ന വാക്കുകൾ എഴുതിപ്പിക്കുക. അവയുടെ ചിത്രങ്ങൾ ശേഖരിച്ച് നിങ്ങളുടെ മേൽനോട്ടത്തിൽ കുട്ടിയെകൊണ്ട് ഒട്ടിപ്പിക്കുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT


## മൂന്നാമത്തെ ആഴ്ച

1. കുട്ടിയെക്കൊണ്ട് കുപ്പിയുടെ അടപ്പ് തുറക്കുകയും അടയ്ക്കുകയും ചെയ്യിപ്പിക്കുക.





2. മാച്ച് ചെയ്യിപ്പിക്കുക മൃഗങ്ങൾ, പഴങ്ങൾ, അക്ഷരങ്ങൾ




3. കുട്ടിയെക്കൊണ്ട് സ്വന്തം പേരും രക്ഷിതാക്കളുടെ പേരും ചിത്രം കാണിച്ചും ചോദ്യങ്ങൾ ചോദിച്ചും പറയാൻ പഠിപ്പിക്കുക.

4. കുട്ടിയെ ക്കൊണ്ട് പയർ, കടല തുടങ്ങിയവ വേർതിരിക്കുക.



5. കുട്ടിയെ ക്കൊണ്ട് ബട്ടൺസ് അഴിക്കാൻ പഠിപ്പിക്കുക



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

## നാലാമത്തെ ആഴ്ച

1. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക.

-



2. കുട്ടിയുടെ വിരൽ ചായം പൂശി ഒരു കടലാസിൽ അമർത്തിപ്പി ടിച്ച് ചിത്രത്തിൽ നിറം കൊടുക്കുക (finger print)




3. കടലാസിലോ / സ്ലേറ്റിലോ / പുസ്തകത്തിലോ കുത്തിവരയ്ക്കുക.



4. ബട്ടൺ അഴിക്കാൻ പരിശീലിപ്പിക്കുക.



5. കുറച്ചു പ്ലാസ്റ്റിക് ഗ്ലാസുകൾ എടുത്തു കുട്ടിയെക്കൊണ്ട് ഒന്നിനു മുകളിൽ ഒന്നായി അടുക്കിവെക്കാൻ പഠിപ്പിക്കുക.

.ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PR

# ഗ്രൂപ്പ് 3

# സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ

## ആദ്യത്തെ ആഴ്ച


1. വീട്ടിലെ ലളിതമായ ജോലികൾ കുട്ടികയെ കൊണ്ട് ചെയ്യിപ്പിക്കുക (ഉദാ : കുട്ടിയുടെ വസ്ത്രങ്ങൾ മടക്കിവെപ്പിക്കുക).



2. ലളിതമായ കഥകൾ പറഞ്ഞുകൊടുത്തു അവയിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കുക.




3. ഒരു പാരഗ്രാഫിൽ/ ചിത്രകഥയിൽ നിന്നോ ഒരേ അക്ഷരങ്ങൽ/ പദങ്ങൾ/ ചിത്രങ്ങൾ കണ്ടെത്തി വട്ടം ഇടാനോ നിറം നൽകാനോ പറയുക.





4. പൊതുവായ വസ്തുക്കളുപയോഗിച്ച് എണ്ണം പഠിപ്പിക്കുക.






5. ലളിതമായ ചിത്രം കാണിച്ച് അതിന്റെ നിറംചോദിക്കുക / അല്ലാത്തവർക്ക്"പച്ച" നിറം പഠിപ്പിക്കുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



HANS AUTISM PROJECT

## രണ്ടാമത്തെ ആഴ്ച


1. ക്ലോത്ത്ക്ലിപ്പ് ഉപയോഗിച്ച് തുണിയിലോ / കാർഡ് ബോർഡിലോ അമർത്തി വയ്ക്കാൻ പറയുക / പരിശീലിപ്പിക്കുക.





2. ഒളിച്ചേ കണ്ടോ (Hide & Seek) കളിപ്പിക്കുക

3. ഒരു പന്ത് കുട്ടിക്ക് എറിഞ്ഞുകൊടുക്കുകയും തിരിച്ച് എറിയിപ്പിക്കുകയും ചെയ്യുക.



4. നമ്മുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കുട്ടിയോട് ധാന്യങ്ങൾ/ ചെറിയ വസ്തുക്കൾ ഒരു കുപ്പിയിലേക്കോ പാത്രത്തിലേക്കോ വയ്ക്കാൻ പറയുക.



5. പലനിറത്തിലുള്ള വസ്തുക്കളിൽനിന്നും ഒരേ നിറത്തിലുള്ള വസ്തുക്കൾ ചേർത്ത്വയ്ക്കുക.





ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെനന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

<u>**മൂന്നാമത്തെ ആഴ്ച**</u>

1. "ഞാൻ", "എന്റെ", "എനിക്ക്" എന്നീ വാക്കുകൾ ഉപയോഗിക്കാൻ പരിശീലിപ്പിക്കുക. ഈ വാക്കുകൾ മനസ്സിലാവുന്നുണ്ടോ എന്ന് നോക്കുക. "ആർക്ക്", "ആരുടെ" എന്നീ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറഞ്ഞു കൊടുക്കുക.

2. ഷൂലൈസ് കെട്ടാൻ പഠിപ്പിക്കുക



3. നിലത്ത് വിവിധ ആകൃതിയിൽ (വൃത്തം, ചതുരം, ത്രികോണം)ഉള്ള ചിത്രങ്ങൾ വരച്ച് നമ്മുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് വിവിധ ആകൃതിയിലേക്ക് ചാടിക്കുക.



4. കുറേയധികം സംഖ്യകൾ എഴുതികൊടുക്കുകയും അതിൽ നിന്നും പറയുന്ന നമ്പർ മാത്രം അടയാളപ്പെടുത്തുവാൻ ആവശ്യപ്പെടുകയും ചെയ്യുക.




5. ചെറിയ പാചകങ്ങളിൽ കുട്ടിയെ ഉൾപ്പെടുത്തുക (ഉദാ: പച്ചക്കറികൾ എടുത്തുതരാൻ പറയുക, പാത്രങ്ങൾ യഥാസ്ഥാനത്ത് വയ്ക്കാൻ പറയുക, മുതലായവ)





ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

## നാലാമത്തെ ആഴ്ച

1. ഏതെങ്കിലും ലളിതമായ ചിത്രങ്ങൾ (പൂക്കൾ, ആകൃതി) വരച്ച് ചെറുകല്ലുകളിൽ പശ തേച്ച് ചിത്രത്തിൽ ഒട്ടിക്കുക.



2. ലളിതമായ puzzles കളിക്കാൻ കൊടുക്കുക അഥവാ puzzles ഇല്ലെങ്കിൽ കാർഡ്ബോർഡിൽ പൂവിന്റെയൊ ആപ്പിളിന്റെയോ ചിത്രം വരച്ച് ഒട്ടിച്ചതിനു ശേഷം നാലായിമുറിച്ച് അത് യോജിപ്പിക്കാൻ കൊടുക്കുക.



3. ചിത്രം കാണിച്ച് കുട്ടിയെ കൊണ്ട് കഥ/മനസ്സിലായവ പറയിപ്പിക്കുക



4. ഒരു ബാസ്കറ്റ് /പാത്രം വെച്ചതിനുശേഷം പന്ത് അതിലേക്ക് എറിഞ്ഞുവീഴ്ത്താൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുക.



5. കേട്ടെഴുത്ത് : പറയുന്ന അക്ഷരങ്ങൾ / വാക്കുകൾ / നമ്പറുകൾ കുട്ടിയെ കൊണ്ട് എഴുതിപ്പിക്കുക.




ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJ

## ഗ്രൂപ്പ് 4

## സംസാര ഭാഷ പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കുള്ള മാർഗ്ഗരേഖ

### ആദ്യത്തെ ആഴ്ച

1. ഏതെങ്കിലും'5'വസ്തുവിന്റെ അല്ലെങ്കിൽ അവയിൽ ചിത്രങ്ങളോ ചൂണ്ടിക്കാണിക്കാൻ പരിശീലിപ്പിക്കുക.



2. ചെറിയ നിർദ്ദേശങ്ങൾ (ഉദാ : ഇവിടെവാ..., അത് അച്ഛന് കൊടുക്കൂ) കുട്ടികളെ കൊണ്ട് തന്നെ ചെയ്യിപ്പിക്കുക.
3. ഭക്ഷണപദാർത്ഥങ്ങൾ (ഫ്രൂട്സ്, വെജിറ്റബിൾ), കളിപ്പാട്ടങ്ങൾ എന്നിവ വേർതിരിച്ചു വെയ്ക്കാൻ പറയുക.




4. ഒരേ നിറത്തിലുള്ള വസ്തുക്കൾ / മുത്തുകൾ പാത്രത്തിലാക്കി മാറ്റിവയ്പ്പിക്കുക, ശേഷം ഒരു കളർ പഠിപ്പിക്കുക, (പച്ച)



5. ലളിതമായ ഒരു കഥ ദിവസവും ശീലിപ്പിക്കുക. അതിനായി 'ചിത്രകഥാ പുസ്തകങ്ങൾ'അല്ലെങ്കിൽ മറ്റു ചിത്രകഥാ പുസ്തകങ്ങൾ ഉപയോഗിക്കാവുന്നതാണ്. കഥ പറഞ്ഞുകൊടുത്തതിനുശേഷം ലഘുവായ ചോദ്യങ്ങൾ ചോദിക്കാൻ മറക്കരുത്.



6. **3.5** വയസ്സിനു മുകളിൽ പ്രായം ഉള്ളകുട്ടികളുടെ മാതാപിതാക്കൾ കുട്ടികളുടെ അക്ഷരസ്പുടത കൂടി ശ്രദ്ധിക്കേണ്ടതാണ്. തെറ്റായി ഉച്ചരിക്കുന്നവ ബുക്കിൽകുറിച്ച് വയ്ക്കേണ്ടതാണ്.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക



.

## രണ്ടാമത്തെ ആഴ്ച

1. ബ്ലോക്ക്സ് ഒന്നിന് മേലെ മറ്റൊന്നായി വയ്പ്പിക്കുക. ഓരോ നിറത്തിലുള്ള കട്ടകൾ അടുക്കിവെച്ചു രൂപങ്ങൾ ഉണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുക. മാതാപിതാക്കൾ കട്ടകൾകൊണ്ട് ഒരു മോഡൽ ഉണ്ടാക്കി കുട്ടിയെ കൊണ്ട് അതേപോലെ ഉണ്ടാക്കാൻ പറയുക.



2. 'ഞാൻ', 'എന്റെ', 'എനിക്ക്' എന്നീ വാക്കുകൾ ഉപയോഗിക്കാൻ പരിശീലിപ്പിക്കുക. ഈ വാക്കുകൾ മനസ്സിലാകുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക. ആർക്ക്, ആരുടെ എന്നീ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിപ്പിക്കുക.

3. കഴിഞ്ഞ ആഴ്ച പഠിച്ച കളർ തന്നെ ഉപയോഗിച്ച് ഒരു ആകൃതിയിൽ (വട്ടം, ചതുരം) മുഴുവനായും കളർ ചെയ്യാൻ പറയുക.


4. ബലൂൺ / മെഴുകുതിരി / പേപ്പർ കഷണങ്ങൾ / ഒരു നിശ്ചിത അകലത്തിൽ വെച്ച് കുട്ടിയെകൊണ്ട് ഊതിപ്പിക്കുക.





.

5. വട്ടത്തിൽ ഇരുന്നു ബോൾ കൈമാറാൻ വേണ്ടി ആവശ്യപ്പെടുക. ഓരോ സമയവും കൈമാറുമ്പോൾ കുട്ടിയെ കൊണ്ടു പറയിപ്പിക്കുക. (ഉദാ : അത് താ..., ബോൾ എനിക്ക് താ...)



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

## മൂന്നാമത്തെ ആഴ്ച



1. വീട്ടിലുള്ളവരുമായി ഹലോ, ഹായ്, റ്റാറ്റാ, എന്നിവ അവസരത്തിന് അനുയോജ്യമായി പറയാൻ പഠിപ്പിക്കുക.



2. പാവയെ വച്ചു അതിന്റെ ശരീരഭാഗങ്ങൾ കാണിക്കാനും പറിയിപ്പിക്കാനും ശ്രമിക്കുക. അവയെവെച്ചു തന്നെ അനുകരിച്ചു കളിക്കാൻ പ്രോത്സാഹിപ്പിക്കുക (ഉദാ : പാവയെ ഉറക്കുക)



3. വീട്ടിലുള്ള ചെറിയ ജോലികളിൽ കുട്ടിയെയും ഉൾപ്പെടുത്തുക. (ഉദാ: പാത്രം അടുക്കി വയ്ക്കാൻ, ഉടുപ്പുകൾ മടക്കാൻ)



4. കുപ്പായത്തിന് ബട്ടൻസ് / സിബ്ബ് അഴിക്കാനും ഇടാനും പഠിപ്പിക്കുക.

5. ക്ലേ/ ആട്ട ഉപയോഗിച്ച് വിവിധ തരം രൂപങ്ങൾ ഉണ്ടാക്കാൻ പറയുക.



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

## നാലാമത്തെ ആഴ്ച



1. ഓരോ കാറ്റഗറി / വിഭാഗത്തിൽ (ഫ്രൂട്ട്സ്, വെജറ്റബിൾ...) കുട്ടിക്ക് മിനിമം 5 എണ്ണത്തിന്റെ പേര് പറഞ്ഞാൽ മനസ്സിലാകുന്നുണ്ടെന്നും, പറയുന്നുണ്ടെന്നും ഉറപ്പുവരുത്തുക




2. ഒരു ആക്ഷൻ സോങ് / ആംഗ്യപാട്ട് പഠിപ്പിക്കുക. കുട്ടിയുമൊത്ത് പാടുക, അവരെയും പഠിപ്പിക്കുക.




3. പഠിച്ച നിറത്തിലുള്ള കളർ മുത്തുകൾ മറ്റുള്ളവയിൽ നിന്ന് വേർതിരിച്ചു അറിയാൻ പറ്റുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

4. ദിവസവും കിടക്കുമ്പോൾ ചിത്രകഥകൾ കാണിച്ചു കഥ പറഞ്ഞു കൊടുക്കാൻ മറക്കരുത്



5. കുട്ടി ദിവസവും ചെയ്യുന്ന പ്രവൃത്തിയുടെ ഫോട്ടോ എടുത്ത് ഒരു ബുക്ക് ആക്കി അത് കുട്ടിക്ക് തന്നെ കാണിച്ചുകൊടുത്ത് പ്രോത്സാഹിപ്പിക്കുക. അവയെ ആസ്പദമാക്കി ചോദ്യങ്ങളും ചോദിക്കാം.





ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

## ഗ്രൂപ്പ് 5

## സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ

### ആദ്യത്തെ ആഴ്ച

1. ചെറിയ വസ്തുക്കൾ ഒരു പാത്രത്തിൽ നിന്നും വായ്‌വട്ടം കുറഞ്ഞ മറ്റൊരു പാത്രത്തിലേക്ക് മാറ്റിയിടിപ്പിക്കുക.






2. ചൂണ്ടികാണിക്കാൻ പഠിപ്പിക്കുക. (ശരീരഭാഗങ്ങൾ, കുടുംബാംഗങ്ങൾ, ആവശ്യങ്ങൾ, ചിത്രങ്ങൾ)

3. ആക്ഷൻസോങ്ങ് പഠിപ്പിക്കുക

4. പച്ചനിറം പഠിപ്പിക്കുക.




5. കുത്തി വരയ്ക്കാൻ പഠിപ്പിക്കുക



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

<u>**രണ്ടാമത്തെ ആഴ്ച**</u>

1. അരി / മണലിൽ മുത്തുകൾ ഒളിപ്പിച്ചു വയ്ച്ചതിനുശേഷം കണ്ടുപിടിച്ച് മറ്റൊരു പാത്രത്തിലേക്ക് മാറ്റിയിടുക



2. ഒരു കുഞ്ചി (Coin Box) ഉണ്ടാക്കിയതിനുശേഷം കുട്ടിയെകൊണ്ട് നാണയം അതിനകത്ത് ഇടാൻ പറയുക.



3. ഒരു ബോൾ കുട്ടിക്ക് എറിഞ്ഞുകൊടുക്കുകയും തിരിച്ച് എറിയിപ്പിക്കുകയും ചെയ്യുക.



4. നേരത്തെ തന്ന നിറം കുട്ടിക്ക് പരിചിതമായി എങ്കിൽ മാത്രം പുതിയ നിറം പഠിപ്പിക്കുക (ചുവപ്പു നിറം).



5. ശരീരഭാഗങ്ങൾ ചൂണ്ടിക്കാണിക്കാൻ പറയുക.



ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT


# മൂന്നാമത്തെ ആഴ്ച

1. കുട്ടിയെക്കൊണ്ട് ബട്ടൺസ് അഴിക്കാൻ പഠിപ്പിക്കുക.



2. മുൻപ് പഠിപ്പിച്ച രണ്ട് നിറങ്ങളിലുള്ള വസ്തുക്കൾ കാണിച്ച് അവയുടെ നിറങ്ങൾ ചൂണ്ടിക്കാണിക്കാനും പറയാനും പഠിപ്പിക്കുക.




3. In and out:-ഒരു വട്ടം വരച്ച് നിർദ്ദേശങ്ങൾക്കനുസരിച്ച് അകത്തേക്കും പുറത്തേക്കും ചാടാൻ പറയുക



4. ഏതെങ്കിലും പൊതുവായി കാണുന്ന 5 വസ്തുക്കളുടെ ചിത്രങ്ങൾ ചൂണ്ടിക്കാണിക്കാനും പറയിപ്പിക്കാനും പഠിപ്പിക്കുക. (ആപ്പിൾ / പൂച്ച, കാക്ക, നായ, ആന)

5. ഒരോ വസ്തുവിന്റെ രണ്ട് ചിത്രങ്ങൾ തമ്മിൽ മാച്ച് ചെയ്യിപ്പിക്കാൻ പറയുക.




ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



## നാലാമത്തെ ആഴ്ച


1. പാവയെ വയ്ച്ച് അനുകരിച്ച് കളിക്കാൻ പ്രോത്സാഹിപ്പിക്കുക (ഉദാ : പാവയെ ഉറക്കുക, ഭക്ഷണം കൊടുക്കുക (etc)




2. ആകർഷിക്കുന്ന തരത്തിലുള്ള എന്തെങ്കിലും വസ്തു കുട്ടിയെ കാണിച്ച് ശ്രദ്ധ അതിലേക്ക് കൊണ്ടു വരുക. അതിനുശേഷം ആ വസ്തു ഒരു വശത്തേക്ക് കൊണ്ടുപോവുകയും പെട്ടെന്ന് തന്നെ അത് നിലത്തിടുകയും ചെയ്യുക. കുട്ടിയുടെ ശ്രദ്ധ അതിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക അഥവാ വന്നി ല്ലെങ്കിൽ രണ്ടോ മൂന്നോ പ്രാവശ്യം ഈ പ്രവൃത്തി ആവർത്തിച്ച് ചെയ്യിപ്പിക്കുക.

3. അധികം വെളിച്ചമില്ലാത്ത മുറിയിൽ കുട്ടിയെ ഇരുത്തിയതിനുശേഷം നിർദ്ദേശം കൊടുക്കുന്ന ആളുടെ മുഖത്തേക്ക് ടോർച്ച് / ഏതെങ്കിലും വെളിച്ചം പ്രകാശിപ്പിച്ച് കണ്ണ്, മൂക്ക്, വായ, ചെവി എന്നിവ പറഞ്ഞുകൊടുത്തു കുട്ടിയോട് തൊട്ടുകാണിക്കാൻ ആവശ്യപ്പെടുക.

4. ബട്ടൺ അഴിക്കാൻ പഠിപ്പിക്കുക.



5. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക






ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

IMHANS AUTISM PROJECT

## ഗ്രൂപ്പ് 6

## സമൂഹിക ഇടപെടലിലും ആശയ വിനിമയത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള മാർഗ്ഗരേഖ

### ആദ്യത്തെ ആഴ്ച




1. ചെറിയ നിർദ്ദേശങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുക (ഉദാ: ഇവിടെവാ..., അത്....)

2. മുത്തുകൾ കോർപ്പിക്കുക (Beading)






3. കളിപ്പാട്ടങ്ങൾ തരംതിരിച്ച് വെക്കാൻ പറയുക





4. ചൂണ്ടികാണിക്കാൻ പഠിപ്പിക്കുക(ശരീരഭാഗങ്ങൾ, കുടുംബാംഗങ്ങൾ, ആവശ്യങ്ങൾ, ചിത്രങ്ങൾ)

IMHANS AUTISM PROJECT




5. ആക്ഷൻസോങ്ങ് പഠിപ്പിക്കുക




6. പച്ചനിറം പഠിപ്പിക്കുക.

## രണ്ടാമത്തെ ആഴ്ച


1. "ഒളിച്ചേ.. കണ്ടേ.." കളിപ്പിക്കുക.



2. പച്ചക്കറികൾ തരംതിരിച്ച് വെക്കാൻ പറയുക



3. മുതിർന്നവരുമായി ചേർന്ന് കളിപ്പിക്കുക.



4. ഒരു കുഞ്ചി (coin box) ഉണ്ടാക്കിയതിനുശേഷം കുട്ടിയെകൊണ്ട് നാണയം അതിനകത്ത് ഇടാൻ പറയുക



.

5. കുട്ടിയെക്കൊണ്ട് ഭക്ഷണ പദാർത്ഥങ്ങൾ / കളിപ്പാട്ടങ്ങൾ തുടങ്ങിയ വസ്തുക്കൾ കുടുംബാംഗങ്ങൾക്ക് പേര് വിളിച്ച് കൊടുപ്പിക്കുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെനന്നായി പ്രോത്സാഹിപ്പിക്കുക.



## മൂന്നാമത്തെ ആഴ്ച

1. ബലൂൺ/ മെഴുകുതിരി / പേപ്പർ കഷ്ണങ്ങൾ ഇവ ഒരു നിശ്ചിത അകലത്തിൽ വെച്ച് കുട്ടിയെ കൊണ്ട് ഊതിക്കുക.



2. കുട്ടികളുമായി കളികളിൽ ഏർപ്പെടുക. കളിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തു കുട്ടിയുടെ മുൻപിൽ നിന്ന് തന്നെ മാറ്റിവയ്ക്കുക. കുട്ടിക്ക് നിർദ്ദേശങ്ങൾ നൽകി അത് കണ്ടുപിടിക്കാൻ പറയുക.

3. ക്ലെ / ചപ്പാത്തിമാവ് ഉപയോഗിച്ച് വിവിധതരം രൂപങ്ങൾ ഉണ്ടാക്കാൻ പ്രേത്സാഹിപ്പിക്കുക.






4. കുട്ടിയെ കൊണ്ട് സ്വന്തമായി ബ്രഷ് ചെയ്യാൻ പരിശീലിപ്പിക്കുക.



5. പൊതുവായ കുറച്ച് വസ്തുക്കൾ ഒരു കുട്ടയിൽ ഇടുകയും അതിന് ചിത്രങ്ങൾ കാണിച്ച് കുട്ടിയോട് ഓരോന്നായി എടുത്തുതരാൻ പറയുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT

# നാലാമത്തെ ആഴ്ച

1. പാട്ട് ഇട്ടതിനുശേഷം കണ്ണാടി നോക്കി മാതാപിതാക്കൾ ചെയ്യുന്നതു പോലെ ഡാൻസ് അനുകരിക്കാൻ ആവശ്യപ്പെടുക



2. മുഖാമുഖം കുട്ടിയുമായി ഇരുന്നതിനുശേഷം പലതരം ശബ്ദങ്ങൾ അനുകരിച്ച് കുട്ടിയെക്കൊണ്ട് തിരികെ അനുകരിക്കാൻ പ്രോത്സാഹിപ്പിക്കുക.





3. കുറച്ച് ഗ്ലാസ് എടുത്ത് കുട്ടിയെക്കൊണ്ട് ഒന്നിനു മുകളിൽ ഒന്നായി അടുക്കി വെക്കാൻ പഠിപ്പിക്കുക.

4. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക.




5. സന്ദർഭോചിതമായി കുട്ടിയെകൊണ്ട് 'റ്റാ..റ്റാ..', 'ഹലോ..', 'ബൈ.. ബൈ..', 'താ..' എന്നിങ്ങനെ വാക്കുകൾ പറയിക്കാൻ പ്രോത്സാഹിപ്പിക്കുക.




ഓരോ പ്രവൃത്തികൾ ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJE

# ഗ്രൂപ്പ് 7

## പഠനപ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കുള്ള മാർഗ്ഗരേഖ

### ആദ്യത്തെ ആഴ്ച


1. (അ, ആ, ഇ, ...) എന്നീ അക്ഷരങ്ങൾ ചേർന്നുവരുന്ന വാക്കുകൾ കണ്ടുപിടിച്ച് എഴുതുക.







2. (ാ, ി, ീ, ു..) എന്നീ ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ കണ്ടുപിടിച്ച് എഴുതുക.
3. a,e,i,o,u എന്നീ പദങ്ങൾ വാക്കുകൾ കണ്ടുപിടിച്ച് എഴുതാൻ പ്രോത്സാഹിപ്പിക്കുക.
4. ഓരോ ആഴ്ചയിലും പുതിയ 5 വാക്കുകൾ പഠിപ്പിക്കുന്നത് ശീലമാക്കുക. അവ ഏതൊക്കെയെന്ന് ദിവസവും ബുക്കിൽ കുറിച്ചുവെക്കുക.
5. ലളിതമായ കണക്കുകൾ കുട്ടിയെകൊണ്ട് ചെയ്യിപ്പിക്കുക. (കൂട്ടുക, കുറയ്ക്കുക, ഗുണിക്കുക, ഹരിക്കുക) ഇവയിൽ കുട്ടിയെകൊണ്ടു ചെയ്യിപ്പിക്കാൻ പറ്റുന്നവ മാത്രം കൊടുക്കുക.




6. കുട്ടിയെകൊണ്ടു ദിവസവും ഒരുകഥ/ കവിത/ പത്രവാർത്ത ഏതെങ്കിലും ഒന്ന് എഴുതിപ്പിച്ചതിനു ശേഷം അവ വായിപ്പിക്കുകയും ചെയ്യുക.
7. കുട്ടിക്ക് താൽപര്യമുള്ള പ്രവൃത്തികൾ ചെയ്യിപ്പിക്കുക. (ചിത്രം വരയ്ക്കുക, നിറം കൊടുക്കുക)



8. കുട്ടിയുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദിവസവുംചെയ്യിപ്പിക്കുക.( [ ], =,..)

9. കുട്ടിയെകൊണ്ട് ആഴ്ചകളുടെയും, മാസങ്ങളുടെയും പേരുകളും എഴുതി പഠിപ്പിക്കുക.








10. അക്കങ്ങൾ പഠിപ്പിക്കുക(1-10, 10-20, 20-30...90-100)




11. കുട്ടിയെകൊണ്ട് (അ, ആ, ഇ, ഉ...) alphabets പഠിപ്പിക്കുക.




12. പാറ്റേണുകൾ വരയ്ക്കാൻ കൊടുക്കാം (/\/\/\, =, joining dots).



IMHANS AUTISM PRO

IMHANS AUTISM PROJECT

## രണ്ടാമത്തെ ആഴ്ച

1. (ഈ, ഉ, ഊ....) എന്നീ അക്ഷരങ്ങൾ ചേർന്നുവരുന്ന വാക്കുകൾ എഴുതുക.







2. ഓരോ ദിവസവും പുതിയ 5 വാക്കുകൾ പാഠപുസ്തകത്തിൽ നിന്നും നോക്കി എഴുതുക.

3. (ു, ൂ, ്യ) എന്നീ ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ എഴുതുക.




4. "ക്ക, ത്ത, ഷ, ച്ച"എന്നീ പദങ്ങൾ ചേർന്നുവരുന്ന വാക്കുകൾ എഴുതുക.

5. ഗുണനപട്ടിക പഠിപ്പിക്കുക (1 & 2).

**Table 1**

1 X 1 = 1
2 X 1 = 2
3 X 1 = 3
4 X 1 = 4
5 X 1 = 5
6 X 1 = 6
7 X 1 = 7
8 X 1 = 8
9 X 1 = 9
10 X 1 = 10

**2 times table**

1 x 2 = 2
2 x 2 = 4
3 x 2 = 6
4 x 2 = 8
5 x 2 = 10
6 x 2 = 12
7 x 2 = 14
8 x 2 = 16
9 x 2 = 18
10 x 2 = 20
11 x 2 = 22
12 x 2 = 24

6. കുട്ടിയുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദിവസവും ചെയ്യിപ്പിക്കുക ([ ], =,..).

7. അക്കങ്ങൾ പഠിപ്പിക്കുക (101-110,110-120...).

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 101 | 102 | 103 | 104 | 105 | 106 | 107 | 108 | 109 | 110 |
| 111 | 112 | 113 | 114 | 115 | 116 | 117 | 118 | 119 | 120 |
| 121 | 122 | 123 | 124 | 125 | 126 | 127 | 128 | 129 | 130 |
| 131 | 132 | 133 | 134 | 135 | 136 | 137 | 138 | 139 | 140 |
| 141 | 142 | 143 | 144 | 145 | 146 | 147 | 148 | 149 | 150 |
| 151 | 152 | 153 | 154 | 155 | 156 | 157 | 158 | 159 | 160 |
| 161 | 162 | 163 | 164 | 165 | 166 | 167 | 168 | 169 | 170 |
| 171 | 172 | 173 | 174 | 175 | 176 | 177 | 178 | 179 | 180 |
| 181 | 182 | 183 | 184 | 185 | 186 | 187 | 188 | 189 | 190 |
| 191 | 192 | 193 | 194 | 195 | 196 | 197 | 198 | 199 | 200 |

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുകയും കുട്ടി പഠിച്ചു എന്ന് ഉറപ്പുവരുത്തിയശേഷം മാത്രം അടുത്തത് പഠിപ്പിക്കുക.



# <u>മൂന്നാമത്തെ ആഴ്ച</u>

1. (െ,േ,ൈ) എന്നീ ചിഹ്നങ്ങൾ ചേർന്നു വരുന്ന വാക്കുകൾ എഴുതുക.

2. (ഋ, എ, ഏ, ഐ) എന്നീ അക്ഷരങ്ങൾ ചേർന്ന് വരുന്ന വാക്കുകൾ കണ്ടുപിടിച്ച് എഴുതുക.




3. കുട്ടിക്ക് താൽപര്യമുള്ള പ്രവൃത്തികൾ ചെയ്യിപ്പിക്കുക. (സ്റ്റാമ്പ് ശേഖരണം, നാണയ ശേഖരണം).





4. കുട്ടിയെകൊണ്ട് അക്കങ്ങൾ വാക്യത്തിൽ എഴുതാൻ പഠിപ്പിക്കുക (ഉദാ :one ,two...)

5. ഗുണനപട്ടിക പട്ടിക പഠിപ്പിക്കുക (3 & 4)







6. അക്കങ്ങൾ പഠിപ്പിക്കുക (201-210,210-220....)



201-300 Chart

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 201 | 202 | 203 | 204 | 205 | 206 | 207 | 208 | 209 | 210 |
| 211 | 212 | 213 | 214 | 215 | 216 | 217 | 218 | 219 | 220 |
| 221 | 222 | 223 | 224 | 225 | 226 | 227 | 228 | 229 | 230 |
| 231 | 232 | 233 | 234 | 235 | 236 | 237 | 238 | 239 | 240 |
| 241 | 242 | 243 | 244 | 245 | 246 | 247 | 248 | 249 | 250 |
| 251 | 252 | 253 | 254 | 255 | 256 | 257 | 258 | 259 | 260 |
| 261 | 262 | 263 | 264 | 265 | 266 | 267 | 268 | 269 | 270 |
| 271 | 272 | 273 | 274 | 275 | 276 | 277 | 278 | 279 | 280 |
| 281 | 282 | 283 | 284 | 285 | 286 | 287 | 288 | 289 | 290 |
| 291 | 292 | 293 | 294 | 295 | 296 | 297 | 298 | 299 | 300 |

7. കുട്ടിയുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദിവസവും ചെയ്യിപ്പിക്കുക ([ ], =,..).

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.




<u>**നാലാമത്തെ ആഴ്ച**</u>

1. കുട്ടി പഠിച്ച വാക്കുകൾ കാണാതെ ശരിയായി എഴുതിപ്പിക്കുക.

2. Word/ letter cancellation : ന്യൂസ് പേപ്പറിൽനിന്നും ഏതെങ്കലും ഒരു അക്ഷരമോ വാക്കോ പറഞ്ഞ് അത് ഓരോ പാരഗ്രാഫിലും എവിടെയൊക്കെയുണ്ടെന്ന് കണ്ടുപിടിച്ച് അടയാളപ്പെടുത്തുക.

3. ദിവസവും കുട്ടിയെക്കൊണ്ട് ഡയറി എഴിതിക്കുക.






4. Letter cancellation - കുറെയധികം സംഖ്യകൾ എഴുതികൊടുത്തതിനുശേഷം അതിൽനിന്നും പറയുന്ന സംഖ്യമാത്രം അടയാളപ്പെടുത്തുക.

5. പാഠഭാഗം നോക്കി എഴുതുക (മലയാളം/ഇംഗ്ലീഷ്)

6. മലയാളം അക്ഷരങ്ങൾ എഴുതാൻ പഠിപ്പിക്കുക (റ, ര, ത, ന, പ...).

7. കുട്ടിയുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദിവസവും ചെയ്യിപ്പിക്കുക ([ ], =,..)..

ഓരോ പ്രവൃത്തിയും പഠിച്ചു എന്നു ഉറപ്പുവരുത്തിയശേഷം മാത്രം അടുത്തത് പഠിപ്പിക്കുക ഓരോ പ്രവൃത്തിയും ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.



IMHANS AUTISM PROJECT